LIBRARY ARCHIVES Kerala Legislative Assembly

സ്വകാര്യ ഡിസ്റ്റിലറികളിൽനിന്നു വാങ്ങുന്ന വിദേശമദ്യം

122 [1925] ശ്രീ. എ. കെ. ബാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബീവറേജസ് കോർപ്പറേഷൻ കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിൽ ഓരോ വർഷവും എത്രകോടി രൂപയുടെ വിദേശമദ്യം വില്പന നടത്തിയിട്ടുണ്ട്;

(ബി) ഈ കാലയളവിൽ ഏതെല്ലാം സ്വകാര്യ ഡിസ്റ്റിലറികളിൽനിന്നുമാണ് വിദേശമദ്യം വാങ്ങിയിരുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിലെ വിദേശമദ്യ വിൽപ്പനയുടെ വിവരം താഴെ കൊടുത്തിരിക്കുന്നു:

2001-02	..	1694.82 കോടി രൂപ.
2002-03	..	1847.40 കോടി രൂപ.
2003-04	..	2071.32 കോടി രൂപ.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്. †

സംസ്ഥാന ബീവറേജസ് കോർപ്പറേഷൻ—കമ്മീഷനും സർവ്വീസ് ചാർജ്ജും

123 [1926] ശ്രീ. ബിനോയ് വിശ്വം:
,, പി. എസ്. സുപാൽ:
,, പി. നാരായണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശമദ്യം മൊത്തത്തിൽ വാങ്ങുമ്പോൾ കമ്മീഷനും, കെയ്സ് കണക്കാക്കി പ്രത്യേക കമ്മീഷനും ലഭിക്കുന്നുവെന്നത് വസ്തുതയാണോ എന്ന് അറിയിക്കുമോ;

(ബി) കോർപ്പറേഷൻ സർവ്വീസ് ചാർജ്ജ് വാങ്ങാറുണ്ടോ; എങ്കിൽ പ്രതിവർഷം സർവ്വീസ് ചാർജ്ജ് ഇനത്തിൽ എത്ര തുക ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വസ്തുതയല്ല.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.